<u>പതിമൂന്നാം കേരള നിയമസഭ</u>

<u>എട്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2317. 01.04.2013 -ൽ മറുപടിയ്ക്ക്

## <u>മന്തുരോഗ പ്രതിരോധം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** | |
| എ) | മലപ്പുറം ജില്ലയിൽ മന്ത് രോഗാണുവാഹകരുടെ എണ്ണം ഏറ്റവും കൂടുതലായ പ്രദേശം പൊന്നാനിയാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; പൊന്നാനിയെ മന്തുരോഗത്തിന്റെ 'ഹോട്ട് സ്പോട്ടായി' വിലയിരുത്തിയിട്ടുണ്ടോ; | എ) | മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ മന്ത് രോഗവാഹകർ ഉള്ള സ്ഥലങ്ങളിൽ ഒന്ന് പൊന്നാനിയാണെന്ന് സർവ്വേ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് തന്നെ പൊന്നാനിയെ മന്ത് രോഗത്തിന്റെ 'ഹോട്ട് സ്പോട്ടായി' വിലയിരുത്തിയിട്ടുണ്ട് |
| ബി) | എങ്കിൽ മന്ത് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പൊന്നാനിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | ബി) | മന്ത് രോഗ നിയന്ത്രണത്തിനും നിവാരണത്തിനുമായി പൊന്നാനിയിൽ ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. മന്ത് രോഗ നിവാരണ സമൂഹ ചികിത്സാ പദ്ധതിയുടെ ഭാഗമായി പൊന്നാനി പ്രദേശത്തുള്ള ആളുകൾക്ക് ഗുളിക നൽകിയിട്ടുണ്ട്.<br>2. ജനുവരി 22 മുതൽ ഫെബ്രുവരി 28 വരെ വീടുകൾ സന്ദർശിച്ച് രോഗ നിർണ്ണയ സർവ്വേ നടത്തി.<br>3. രാത്രികാല രക്ത പരിശോധന വ്യാപകമായി നടത്തുകയും അതിലൂടെ കണ്ടെത്തുന്ന രോഗവാഹകരായ ആളുകൾക്ക് ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.<br>4. മന്തുരോഗം പ്രകടമായി കണ്ടെത്തിയവർക്ക് പരിചരണ ചികിത്സയും വൈദ്യ സഹായവും നൽകിവരുന്നു.<br>5. എല്ലാ വ്യാഴാഴ്ച ദിവസങ്ങളിലും ആശുപത്രിയോടനുബന്ധിച്ച് പ്രത്യേക മന്തുരോഗ ക്ലിനിക്ക് നടത്തുകയും രോഗം കണ്ടെത്തുന്നവർക്ക് ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു.<br>6. കൊതുകു നശീകരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഊർജ്ജിതമാക്കിയിട്ടുണ്ട്.<br>7. ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. |

| | | | |
|---|---|---|---|
| സി) | പൊന്നാനിയിൽ മുൻപുണ്ടായിരുന്ന വെക്ടർ കൺട്രോൾ യൂണിറ്റ് അടച്ചു പൂട്ടിയത് കാരണം രോഗികളും, ആരോഗ്യ പ്രവർത്തകരും ഏറെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | സി) | പൊന്നാനിയിൽ മുൻപുണ്ടായിരുന്ന യൂണിറ്റ്, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് രൂപീകരിക്കുന്നതിന്റെ ഭാഗമായി മലപ്പുറത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. പൊന്നാനിയിൽ എല്ലാവിധ മന്ത് രോഗ നിയന്ത്രണ നിവാരണ പ്രവർത്തനങ്ങളും മുൻപത്തെ പോലെതന്നെ കാര്യക്ഷമമായി നടത്തുന്നുമുണ്ട്. |
| ഡി) | എങ്കിൽ 'വെക്ടർ കൺട്രോൾ യൂണിറ്റ്' അടിയന്തിരമായി പൊന്നാനിയിൽ തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | പൊന്നാനിയിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ ഒരു ഫീൽഡ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ